**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 444** | **23-02-2022 - ൽ മറുപടിയ്ക്ക്**

**ഡ്രഗ്സ് കൺട്രോൾ ലബോറട്ടറിയിൽ ജീവനക്കാരുടെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോന്നി മണ്ഡലത്തിൽ നിർമ്മാണം പൂർത്തീകരിച്ച ഡ്രഗ്സ് കൺട്രോൾ ലബോറട്ടറിയിൽ ജീവനക്കാരെ നിയമിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (എ) | പത്തനംതിട്ട കോന്നിയിൽ പുതുതായി ആരംഭിച്ച ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിലേക്ക് തസ്തികകൾ സൃഷ്ടിക്കുന്നതിനു അനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് ഡ്രഗ്സ് കൺട്രോളർ ലഭ്യമാക്കിയ പ്രൊപ്പൊസൽ പരിശോധിച്ച് ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ ഉത്തരവ് പ്രകാരം അത്യാവശ്യം വേണ്ട സാങ്കേതിക/മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ എണ്ണം പുനർനിർണ്ണയിച്ച് പുതുക്കിയ പ്രൊപോസൽ സമർപ്പിക്കുവാൻ ഭരണ വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നു. തുടർന്ന് സാങ്കേതിക വിഭാഗത്തിൽ 34 തസ്തികകളും മിനിസ്റ്റീരിയൽ വിഭാഗത്തിൽ 11 തസ്തികകളും ചേർത്ത് ആകെ 45 തസ്തികകൾ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ഭരണ വകുപ്പ്, 1595357 (HEALTH-F1/166/2020-HEALTH) നമ്പർ ഫയലിൽ ലഭ്യമാക്കിയ പുതുക്കിയ പ്രൊപ്പോസൽ ഇപ്പോൾ ധനവകുപ്പിന്റെ H&L-B1/93/2018-FIN (827730) നമ്പർ ഫയലിൽ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ